**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം– വ്യാഴാഴ്ച തോറും**

**പ്രശാന്തി സന്ദേശം- ഉപാഖ്യാനം 274**

# രാജസിക വ്യക്തിത്വം

**THE RAJASIC PERSONALITY**

**മാർച്ച് 20, 2025**

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

## രാജസിക ഗുണം

രണ്ടാമത്തെ ഗുണം രാജസികഗുണമാണ്. എന്താണീ രാജസികഗുണം? അത് നിറയെ വികാരം, ഊർജ്ജം, അശാന്തി, മമത, ബഹിർമ്മുഖത്വം ഇവയാണ്. രാജസിക




ഭാവത്തിന്റെ വ്യത്യസ്ത അർത്ഥങ്ങളാണിവയെല്ലാം. എങ്ങനെയാണത് സ്വയം പ്രകടമാവുക? ഒരുവൻ വികാരാധീനനായിരിക്കും, കർമ്മോത്സുകനായിരിക്കും, വലിയ മമത്വം ഉള്ളയാളായിരിക്കും. രാജസികനായിരിക്കുന്നതിന്റെ ഫലം എന്താണ്? രാജസികഗുണത്തിന്റെ ഫലം 16-ാം ശ്ലോകത്തിൽ ആവിഷ്കൃതമായിരിക്കുന്നു. അത് ദു:ഖം അഥവാ ക്ലേശം ആകുന്നു. രാജസിക വ്യക്തികൾ അനിവാര്യമായും ദു:ഖം നേരിടേണ്ടിവരും.

സംഭവിക്കുന്നത് ഇതാണ്: രാജസികനായ ഒരു മനുഷ്യന് ഒന്നിനു പുറകെ ഒന്നായി, ധാരാളം ആഗ്രഹങ്ങളുണ്ടാവും. അയാൾക്ക് ലൗകിക വസ്തുക്കളോട് വലിയ തോതിലുള്ള മമതയുണ്ടാവും. അയാൾ എന്തൊക്കെ കാണുന്നുവോ, അതൊക്കെ സ്വന്തമാക്കാൻ ആഗ്രഹിക്കുന്നു. "നിനക്കൊരു കളർ ടി.വി.യുണ്ടെങ്കിൽ എന്തുകൊണ്ട് എനിക്കും ഒരെണ്ണം ഉണ്ടായിക്കൂടാ?" "നിനക്ക് വലിയ ഒരു വീട് സ്വന്തമായുണ്ടെങ്കിൽ എന്തുകൊണ്ട് എനിക്കും ഒരെണ്ണം സ്വന്തമാക്കിക്കൂടാ?" "നീ നല്ല വസ്ത്രങ്ങൾ ധരിക്കുന്നുണ്ടെങ്കിൽ എന്തുകൊണ്ട് എനിക്കും അതായിക്കൂടാ?"



രാജസികഗുണത്തിന് ഇത്തരത്തിലുള്ള ഉടമസ്ഥതാമനോഭാവവും താരതമ്യശീലവുമാണുള്ളത്. "നീ പ്രസിദ്ധനാണെങ്കിൽ എനിക്ക് അതിലുമധികം പ്രസിദ്ധനാവാൻ

പറ്റും!" "നീ കുപ്രസിദ്ധനാണെങ്കിൽ ഞാനും അതിലേറെ കുപ്രസിദ്ധനാവാൻ നോക്കട്ടെ!" ഈ രീതിയിലുള്ള വൃത്തികെട്ട കളിയും മത്സരവുമാണ് ഒരു രാജസിക മനുഷ്യന്റെ ഗുണങ്ങൾ.

ഒരു സാത്വിക മനുഷ്യൻ ഒരിക്കലും തന്നെ മറ്റുള്ളവരുമായി താരതമ്യപ്പെടുത്തില്ല അഥവാ ഏതെങ്കിലും തൊഴിലിലോ നേരംപോക്കിലോ മത്സരിക്കില്ല. അയാൾ ജീവിതത്തിലെ ഏതെങ്കിലും മണ്ഡലത്തിൽ അയാളെ മറ്റാരുമായും താരതമ്യം ചെയ്യില്ല. അയാൾ സ്വയം ഒരു നിലവാരമാണ്.




മാത്സര്യവും താരതമ്യവും ഒരു വികാരപരനും ആസക്തനുമായ രാജസിക മനുഷ്യന്റെ സവിശേഷതകളാണ്. അത് രാഗാത്മകമാണ്, 'വസ്തുക്കളോടുള്ള ആസക്തി'യാണ്. രാഗം എന്നാൽ മമത, 'രാഗാത്മകം' എന്നാൽ 'ലൗകികവസ്തുക്കളോട് മമതയുള്ള' എന്നാണ് അർത്ഥമാക്കുന്നത്.




ഗീതയിലെ 17, 12 ശ്ലോകങ്ങൾ ഒരു രാജസിക മനുഷ്യന്റെ ഗുണങ്ങൾ വ്യക്തമായി വിശദീകരിക്കുന്നുണ്ട്. അയാൾ എപ്രകാരം പെരുമാറും? അയാൾക്ക് ലോഭം, ആർത്തി ഉണ്ട്. അയാൾക്ക് കൂടുതൽ കൂടുതൽ വേണം. നിങ്ങൾ അയാൾക്ക് മുഴുവൻ പങ്കും, മൊത്തവും നൽകിയെന്നാലും, അയാൾ തൃപ്തനാവില്ല. അത് ഒരുതരം അഗ്നി പോലെയാണ്. അഗ്നിയിൽ നിങ്ങൾ സാധ്യമായ ഓരോന്നും ഇട്ടാലും, അഗ്നി ഒരിക്കലും "മതി, മതി!" എന്നു പറയില്ല, ഇല്ല. അത് പറയും, "എനിക്ക് ഇനിയും വേണം." അതുകൊണ്ട് സംസ്കൃതത്തിൽ അഗ്നിക്ക് 'അനലൻ' എന്നാണ് പറയുക. 'അനിലൻ' കാറ്റും 'അനലൻ' അഗ്നിയുമാണ്. 'അനലൻ'ധ്വനിപ്പിക്കുന്നത്, "'മതി!' എന്ന് പറയാത്തവൻ" എന്നാണ്. "എനിക്ക് കൂടുതൽ കൂടുതൽ വേണം" എന്നു മാത്രമാണ് അത് പറയുന്നത്. ആവശ്യങ്ങളുടെ പരിധി കടക്കുന്നതെന്തോ, അത് ആർത്തിയായിത്തീരുന്നു. ഇതാണ് ദുരാഗ്രഹത്തിന്റെ നിർവചനം.



ഒരു രാജസിക മനുഷ്യൻ എന്നത് നിറയെ ദുരാഗ്രഹമുള്ള മനുഷ്യനാണ്, അയാൾക്ക് പ്രവൃത്തിയോടാണ്, ബാഹ്യമായ ചിത്തവൃത്തിയോടാണ് ചായ്‌വ്. അയാൾക്ക് ലോകത്തുള്ള സകലതിനോടും മമതയാണ്; ‘‘നിനക്ക് എന്തൊക്കെയുണ്ടോ, അതൊക്കെ എനിക്കും ഉണ്ടാവണം. എനിക്ക് എല്ലാം ഉണ്ടാവട്ടെ!’’ എന്നാണ് അയാളുടെ ഭാവം. മറ്റാരെയുംപോലെ താനും യോഗ്യനാണെന്നും കേമനാണെന്നുമുള്ള ഒരുതരം അവകാശവാദമാണിത്.




ഒരു രാജസിക മനുഷ്യൻ നിറയെ പ്രവൃത്ത്യുന്മുഖനായിരിക്കും. അയാൾക്ക് കുറച്ചുനേരം വെറുതെ ഇരിക്കാൻ പറ്റില്ല. ‘‘ശരി. ഇനി ധ്യാനത്തിന്റെ വേളയാണ്. നിവർന്ന് ഇരുന്നിട്ട് നിങ്ങളുടെ കണ്ണുകൾ അടയ്ക്കുക.’’ ശരി, അയാൾ ഇരുന്ന് അയാളുടെ കണ്ണുകൾ അടയ്ക്കുന്നു, പക്ഷേ ഇനി എന്തു ചെയ്യണമെന്ന് അയാൾ പ്ലാൻ ചെയ്യും. ചുണ്ടുകളിൽ മൗനവും തലയിൽ ആകെ ബഹളവും. ശാരീരികമായി അയാൾ ചലിക്കില്ല, പക്ഷേ മനസ്സ് നിറയെ സജീവമായിരിക്കും. അയാൾ പൂർണമായും കൗശലക്കാരനാണ്; കാര്യങ്ങൾ, വസ്തുക്കൾ, സാധനങ്ങൾ ഒക്കെ കൈകാര്യം ചെയ്യാനുള്ള ഉപായങ്ങളാവും മനസ്സിൽ.

അതിനാൽ, ഒരു രാജസിക മനുഷ്യൻ സദാ കർമ്മോത്സുകനായിരിക്കും. എന്തുകൊണ്ട്? എന്തുകൊണ്ടെന്നാൽ, അയാൾ താൻ അഭിലഷിക്കുന്ന എന്തെങ്കിലും അഥവാ വിലക്കപ്പെട്ടിരിക്കുന്നതുപോലും, ചെയ്യാൻ ആഗ്രഹിക്കുന്നു. അയാൾ താൻ ചെയ്യരുതാത്ത കാര്യങ്ങൾ ചെയ്യാൻ തുടങ്ങുന്നു, എന്തുകൊണ്ടെന്നാൽ അയാൾക്ക് മറ്റൊന്നും ചെയ്യാനില്ല! എനിക്ക് മറ്റൊന്നും ചെയ്യാൻ കഴിയാത്തപ്പോൾ, കുറഞ്ഞത് എനിക്ക് നിങ്ങളോട് സംസാരിക്കുകയെങ്കിലും ചെയ്യാം, എന്നോട് മിണ്ടരുതെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും. ‘‘നിശ്ശബ്ദത, ദയവായി!’’ എന്നൊരു ബോർഡുണ്ട്. എന്നിരുന്നാലും, ഞാൻ ഓരോരുത്തരോടും സംസാരിക്കുന്നത് തുടരുന്നു. എന്തുകൊണ്ട്? എനിക്ക് മറ്റൊന്നും ചെയ്യാനില്ല. ഇതിനെയാണ് ‘കർമ്മണാം’ എന്നു വിളിക്കുന്നത്. കർമ്മോത്സുകത.



ഈ കർമ്മം കാരണം എന്തു സംഭവിക്കുന്നു? അയാൾ വളരെ അസ്വസ്ഥനാകുന്നു. അസമ: എന്നതിനർത്ഥം 'അസ്വസ്ഥത' എന്നാണ്. ഓരോ പ്രവൃത്തിയും അയാളെ അസ്വസ്ഥനാക്കുന്നു എന്തുകൊണ്ടെന്നാൽ, കർമ്മങ്ങൾ ഫലകാംക്ഷയോടെയാണ്. അത്തരം വ്യക്തികൾ പരാമർശങ്ങൾ നടത്തുന്ന പ്രവണതയുള്ളവരാണ്. ഉദാഹരണ മായി, നമ്മൾ മന്ദിരത്തിനകത്ത് സംസാരിക്കുകയാണെന്നു കരുതുക. നാം അവിടെ സംസാരിക്കരുതെന്നാണ് വ്യവസ്ഥ, അപ്പോൾ നാം അസ്വസ്ഥരാകുന്നു. എന്തുകൊ ണ്ട്? മറ്റുള്ളവർ നമ്മളെ ശ്രദ്ധിച്ചേക്കാം. അതുകൊണ്ട്, നാളെ നാം അപകടത്തിലാ യേക്കാം. ആരെങ്കിലും പറഞ്ഞേക്കും, "സംസാരിക്കരുത്! താങ്കൾ ചീത്ത മാതൃക യാണ് കാട്ടുന്നത്." അപ്പോൾ, കർമ്മോത്സുകരായവരൊക്കെ വളരെ അസ്വസ്ഥരായി രിക്കും. അശാന്തി വിമർശനങ്ങൾക്ക് വഴിവയ്ക്കും, അതിന് പോസിറ്റീവും നെഗറ്റീവു മായ ഫലങ്ങളുണ്ട്.

സ്പൃഹ എന്നത് ആഗ്രഹമാണ്. രാജസിക വ്യക്തികൾക്ക് എല്ലായ്പോഴും പ്രതീക്ഷ, ആഗ്രഹം, അഭിലാഷം ഉണ്ടാവും. "ഞാൻ ഇതിന്റെയെല്ലാം ഇൻ-ചാർജ് ആവുന്ന ഒരു ദിവസം വരും!" "ഞാൻ കിരീടം വയ്ക്കാത്ത രാജാവാകുന്ന ഒരു ദിവസം ഉണ്ടാവും!" "എല്ലാവരും എന്നെ അനുസരിക്കേണ്ട ഒരു ദിവസം വരും! ആ ദിവസം നിങ്ങളുടെ ശപിക്കപ്പെട്ട ദിവസമാവും!" എന്നാൽ, ഞാൻ നമ്പർ 1 ആവുന്ന ആ ദിവസം ഈ ജന്മത്തിൽ വരികയേയില്ല. ഇത്തരത്തിലുള്ള അർത്ഥശൂന്യമായ പ്രതീക്ഷ, ആഗ്രഹം, അഭിലാഷം ഒരു തരം പൊങ്ങച്ചം, പ്രകടനപരത, ദൗർബല്യം ആണ്.

സാത്വിക, രാജസിക ഗുണങ്ങൾ തമ്മിൽ എന്തൊരു വ്യത്യാസമാണ്! ഒന്ന് നിറയെ പരിശുദ്ധിയാണ്, മറ്റേതിന് വൈകാരിക മമതയാണ്. ഒന്നിൽ നിറയെ വെളിച്ചമാണ്, മറ്റേത് വളരെ അശാന്തമാണ്. ഒന്ന് പ്രശാന്തമാണ്, മറ്റേത് എല്ലായ്പോഴും അഭിലാഷ ങ്ങളാലും ആശകളാലും കലുഷമാണ്. നോക്കൂ! സാത്വികഗുണത്തിന്റെ ഫലം എന്തെ ന്നാൽ നിങ്ങൾ അടുത്ത ജന്മത്തിൽ ഉന്നതതലങ്ങളിലേക്ക് പോകുന്നു എന്നതാണ്. ഇതിനിടയ്ക്ക് കർമ്മനിരതനും പ്രതീക്ഷാഭരിതനുമായ രാജസിക വ്യക്തി അടുത്ത ജന്മത്തിൽ വീണ്ടും, കർമ്മോത്സുക രായ ആളുകളുടെ കുടുംബത്തിൽ ജനിക്കും. 'രാജസമധ്യേ', എന്നുവച്ചാൽ രാജസികരായ വരുടെ ഇടയിൽ.





ഇക്കാരണത്താലാണ് ഒരു മിലിട്ടറി ഓഫീസറുടെ മകനും മിലിട്ടറി ഓഫീസറായി നിങ്ങൾ കാണുന്നത്. ഞാൻ കണ്ട ഒരു മാന്യവ്യക്തി പറഞ്ഞു,

"ഞാനൊരു ബ്രിഗേഡിയറാണ്, അനിൽകുമാർ."

"ഓ, അങ്ങയെ കണ്ടതിൽ സന്തോഷം, സർ!"

അദ്ദേഹം നിർത്താൻ ഭാവമില്ല, "എന്റെ മകൻ ഒരു മേജറാണ്!"

"അതിശയിക്കാനില്ല."

മറ്റൊരു ഉദാഹരണം: "താങ്കൾ ഇവിടെ നോക്കൂ, അനിൽകുമാർ! ഞാനൊരു ഡോക്ടറാണ്, എന്റെ മകൻ മെഡിസിന് ഫൈനൽ ഇയറാണ്."




"ഗംഭീരം."

അപ്പോൾ, എന്താണ് സംഭവിക്കുന്നത്? ഒരു ഡോക്ടർക്ക് ഡോക്ടർ-പുത്രനാണ് ഉള്ളത്, എഞ്ചിനീയർക്ക് എഞ്ചിനീയർ-പുത്രനാണ് ഉള്ളത്.

ഇന്ന്, നടന്മാരുടെ മക്കളും നടന്മാരാകുന്നത് നമുക്ക് കാണാം. തെലുങ്കുസിനിമയിലെ ഇന്നത്തെ മിക്ക നടന്മാരും പോയ വർഷങ്ങളിലെ നടന്മാരുടെ മക്കളാണ്. എന്തുകൊണ്ട്? ഇത് ഒരേ കാര്യമാണ് സൂചിപ്പിക്കുന്നത്-*രാജസ മധ്യേ*. നിറയെ കർമോത്സുകരായവരുടെ ഒരു കുടുംബത്തിലാണ് അവർ ജനിച്ചിട്ടുള്ളത്.




ഭഗവത്ഗീത ഇപ്രകാരമാണ് രാജസികഗുണം വിശദീകരിക്കുന്നത്.
പ്രഫസർ അനിൽകുമാർ അടുത്ത ലക്കത്തിൽ താമസികഗുണത്തെപ്പറ്റി വിശദീകരിക്കുന്നു.
നിങ്ങളുടെ സമയത്തിന് നന്ദി.

ഓം സായിരാം!



(തുടരും)

**പ്രഫ. അനിൽകുമാർ കാമരാജു** – (***Sai-Vedam*** പേജ് 195–199)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)